## VERSION - B

1. 'ഇത് നിലമുഴുന്നതു പോലെയോ പാറപൊട്ടിക്കുന്നതു പോലെയോ അല്ല ദസ്തയേവിസ്കി ഇവിടെ സൂചിപ്പിക്കുന്നത്?
ജീവിതത്തിന്റെ പ്രയാസങ്ങൾ
എഴുത്ത് ആത്മാവിന്റെ വെളിപാടാണ്
സ്നേഹസൗഹൃദങ്ങളെ കുറിച്ച്
കെട്ടുകളിൽ കുരുങ്ങിക്കിടന്ന് പിടയുന്ന ജീവിതത്തെ കുറിച്ച് (1)

2. യുദ്ധത്തിന്റെ മുഖ്യനേതാവായ ധാർത്തരാഷ്ട്ര ജ്യേഷ്ഠനു വ്യാസൻ 'സുയോധനൻ' എന്നും 'ദുര്യോധനൻ' എന്നും വിരുദ്ധർഥമായ പേരിട്ട് വിളിച്ചതിൽ ഉൾച്ചേർന്നിരിക്കുന്ന ആശയം?
ദുര്യോധനന്റെ സ്വപ്രത്യയസ്ഥൈര്യം
എതിരാളികളോടുള്ള അവജ്ഞ
യുദ്ധത്തിൽ സ്വീകരിക്കുന്ന വ്യത്യസ്ത നിലപാടുകൾ
യുദ്ധം ഏത് പേരിലും വ്യവസ്ഥയിലും തുടങ്ങിയാലും അറുകൊലയിൽ അവസാനിക്കും. (1)

3. അശ്വത്ഥാമാവപ്പോൾ <u>ഭാഗീരഥികച്ഛത്തിൽ</u> ഋഷികളോടുകൂടി കൃഷ്ണദ്വൈപായനന്റെ അടുത്തു ചെന്നു കൂടിയിരിക്കുകയായിരുന്നു. അടിവരയിട്ട പദത്തിന്റെ വിഗ്രഹാർഥം എഴുതുക. (1)

4. 'ആകാശത്തിന്റെ നിഴൽ പോലെ ഭൂമിയിൽ വെളിച്ചമുണ്ട്' ഇതിലെ പ്രയോഗഭംഗി കണ്ടെത്തി വിശദീകരിക്കുക. ($1^1/_2$)

5. അന്ന് ആ ദൂരം മുഴുവനും സ്വന്തമായി നടന്നെത്തിയത് എന്നെയൊന്ന് കാണാൻ മാത്രമായിരുന്നു. വരുമ്പോൾ കൈയിൽ ഒരു ജോഡി പഴയ ചെരുപ്പും ഉണ്ടായിരുന്നു. ലിംബാളെയുടെ ജീവിതപശ്ചാത്തലം ഈ ചെരുപ്പിലൂടെ എത്രമാത്രം വ്യക്തമാകുന്നുണ്ട്? ലഘുവിശദീകരണം നൽകുക. ($1^1/_2$)

6. 'വഴിയരികിൽ വലിച്ചെറിയപ്പെട്ട ഒരു പാറക്കഷണം പോലെയല്ലേ ഇപ്പോൾ തന്റെ അവസ്ഥ' ദസ്തേയേവ്സ്കിയുടെ ഈ വാക്കുകൾ നോവൽ ഭാഗത്ത് തെളിയിക്കുന്ന അദ്ദേഹത്തിന്റെ ജീവിതാവസ്ഥകളുമായി ബന്ധപ്പെടുത്തി വിശകലനം ചെയ്യുക. (3)

7. ജീവിതാവസ്ഥകൾ സർഗപ്രതിഭകളിൽ സൃഷ്ടിക്കുന്ന പ്രതികരണങ്ങളിൽ നിന്നാണ് സാഹിത്യം ജനിക്കുന്നത്. സാഹിത്യരചനയെ സംബന്ധിക്കുന്ന സുപ്രധാനമായ ഈ സത്യം 'ഞാൻ കഥാകാരനായ കഥയിൽ' നിങ്ങൾക്ക് എത്രത്തോളം അനുഭവപ്പെടുന്നുണ്ട് ? വിശദീകരിക്കുക. (3)

8. താഴെ കൊടുത്തിരിക്കുന്ന സൂചനകൾ പ്രയോജനപ്പെടുത്തി ദുര്യോധനന്റെ സ്വഭാവം നിരൂപണം ചെയ്യുക.
ക്രൂരമായ മരണത്തിലും വിലപിക്കാത്ത മനസ്സ് — ശത്രുവിനോടുള്ള അവജ്ഞ
ഹൃദയോന്നതിയും ആഭിജാത്യവും — സ്വപ്രത്യയസ്ഥൈര്യം (4)

9. ആശയം, പ്രയോഗസവിശേഷതകൾ, കാലികപ്രസക്തി തുടങ്ങിയവ പരിഗണിച്ച് കവിതക്ക് ആസ്വാദനം തയ്യാറാക്കുക. (5)

ഒരു തൈ നടുമ്പോൾ
ഒരു തണൽ നടുന്നു!
നടുനിവർക്കാനൊരു
കുളുർനിഴൽ നടുന്നൂ
പകലുറക്കത്തിനൊരു
മലർവിരി നടുന്നു
ഒരു വസന്തത്തിന്നു
വളർപന്തൽ കെട്ടുവാൻ
ഒരു കാൽ നടുന്നു

ആയിരം പാത്രത്തി-
ലാത്മഗന്ധം പകർ-
ന്നാടു മൃതുകന്യയുടെ
യാർദ്രത നടുന്നൂ
തളിരായുമിലയായു-
മിതൾ വിരിയുമഴകായു-
മിവിടെ നിറമേളകൾ
മിഴികളിൽ നടുന്നു
ഒരു കുടം നീരുമായ്
ഓടുന്ന മുകിലിനും
ഒളിച്ചുപോം കാറ്റിനും

ഒന്നിച്ചിറങ്ങാൻ
ഒതുക്കുകൾ നടുന്നു
കട്ടുമതിയാവാത്ത
കാട്ടിലെക്കള്ളനും
നാട്ടിലെക്കള്ളനും
നടുവഴിയിലെത്തവേ
വാനോളമുയരത്തിൽ
വാവൽക്കരികൊടികൾ
കാട്ടുവാൻ വീറെഴും
കൈയുകൾ നടുന്നു
ഒരു തൈ നടുമ്പോൾ
പല തൈ നടുമ്പോൾ
പല തൈ നടുന്നു!
പല തൈ നടുന്നു,
പല തണൽ നടുന്നൂ!

ഒരു തൈ നടുമ്പോൾ - (ഒ എൻ വി കുറുപ്പ്)